(16) ഗ്രാമ വികസന വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥ

ശ്രീ. സി.കെ. നാണു : സർ, കേരളത്തിലെ ഗ്രാമവികസന വകുപ്പിലുള്ള മിനിസ്റ്റീരിയൽ ജീവനക്കാരായ ആയിരത്തി അഞ്ഞൂറോളം വരുന്ന ആളുകൾ ഇന്ന് തിരുവനന്തപുരത്ത് ഗ്രാമ വികസന വകുപ്പിലെ കമ്മിഷണറേറ്റു നടയിലും ജില്ലാ കേന്ദ്രങ്ങളിലും ധർണ്ണ നടത്തുകയാണ്. ഈ ജീവനക്കാർ അവരുടെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിവേദനങ്ങളും പ്രക്ഷോഭണങ്ങളും നടത്തിയതിന്റെ ഫലമായി ഡോ. ബാബു പോൾ ഐ.എ.എസ്-നെ ഈ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയമിച്ചിരുന്നു. ഏഴു മാസങ്ങൾക്കു മുൻപ് റിപ്പോർട്ട് സമർപ്പിച്ചു. ബഹുമാനപ്പെട്ട മന്ത്രി 3.3.'99-ൽ യൂണിയനുകളുമായും പ്രധാനപ്പെട്ട സംഘടനകളുമായും ചർച്ചകൾ നടത്തിയിരുന്നു. മിനിസ്റ്റീരിയൽ ജീവനക്കാരുടെ ആവശ്യങ്ങൾ ബി.ഡി.ഒ തസ്തികയിലേക്കുള്ള പ്രൊമോഷൻ ഈ വകുപ്പിന്റെ സംസ്ഥാനതല ഓഫീസിലെ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ നിയമനം അവസാനിപ്പിക്കൽ ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് തസ്തികകളുടെ അപ്ഗ്രഡേഷൻ തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് അവർ പ്രക്ഷോഭണങ്ങൾ നടത്തുന്നത്. ഇന്ന് അവർ ധർണ്ണ സംഘടിപ്പിക്കുകയും ചെയ്തിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി അവരുടെ ന്യായമായ ആവശ്യങ്ങൾ പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, ഗ്രാമ വികസന വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരും ഇതര വിഭാഗം ജീവനക്കാരും അവരുടെ സർവ്വീസ് സംബന്ധിച്ച ആവശ്യങ്ങളും പ്രശ്നങ്ങളും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തിയശേഷം ഇക്കാര്യത്തെപ്പറ്റി പഠിച്ച് റിപ്പോർട്ട് ചെയ്യാൻ സ്പെഷ്യൽ ഓഫീസറായി ഡോ. ബാബുപോളിനെ നിയമിക്കുകയുണ്ടായി. റിപ്പോർട്ട് 5.11.'98-ൽ ഗവണ്മെന്റിനു സമർപ്പിക്കുകയുണ്ടായി. ആ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി വിവിധ സംഘടനാ നേതാക്കളുമായി 3.3.'99-ൽ ചർച്ച നടത്തുകയുണ്ടായി. ആ ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾകൂടി പരിശോധിച്ചശേഷം റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്ന കാര്യം ഗവണ്മെന്റ് സജീവമായി പരിഗണിക്കുന്നതാണ്. *(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)*

(17) കാസർഗോഡ് ജില്ലയിൽ മത്സ്യബന്ധനത്തിനിടയിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം

ശ്രീ. പി. രാഘവൻ : സർ, മത്സ്യബന്ധനത്തിനുപോയ ഒരു തോണി മറിഞ്ഞ് രണ്ട് തൊഴിലാളികൾ മരിക്കുകയും ഏഴു പേർക്ക് പരിക്കേൽക്കുകയും ചെയ്തു. കാസർഗോഡ് ജില്ലയിലെ കുമ്പളപൊയ്പ്പാടി കടപ്പുറത്ത് മുഹമ്മദ്, മൊയ്തീൻകുട്ടി എന്നീ രണ്ടുപേരാണ് മരിച്ചത്. രണ്ടുപേരും ചെറുപ്പക്കാരാണ്. മത്സ്യം പിടിച്ച് തിരിച്ച് വരുമ്പോൾ തിരമാലകളിൽപ്പെട്ടാണ് തോണി മറിഞ്ഞ് മരണപ്പെട്ടത്. ബുധനാഴ്ച രാവിലെ ആറു മണിയോടെ പൊയ്പ്പാടി കടപ്പുറത്ത് അരുൺ എന്നയാളുടെ തോണിയിലാണ് മത്സ്യബന്ധനത്തിന് ഇവർ പോയത്. കടൽക്ഷോഭത്തെത്തുടർന്ന് തോണി എട്ടര മണിയോടെ തിരിച്ചുവരികയായിരുന്നു. കരയോട് എഴുപതു മീറ്റർ അടുത്ത് ശക്തമായ കാറ്റടിച്ചതിനാൽ കരയിലുള്ളവർക്കും അവരെ സഹായിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly